**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കളമശ്ശേരി നഗരസഭയിൽ എൽ.ഡി. ക്ളർക്ക്/ബിൽകളക്ടർ ആയി നിയമനം ലഭിച്ച ശ്രീമതി.ജ്യോതിലക്ഷ്മി എ.വി.യുടെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2211/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.08.2018

---

പരാമർശം : 1. 28.6.2000-ലെ 5966/ഉപദേശ-സി 3/2000/ ഉഭപവ നമ്പർ സർക്കുലർ

2. നഗരകാര്യഡയറക്ടറുടെ 24.05.2018 തിയതിയിലെ ഇ 7-2334/2016(7) നമ്പർ ഉത്തരവ്.

3. നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 25.06.2018 തിയതിയിലെ ഇ 7-2334/16(11) നമ്പർ ഉത്തരവ്.

4. ശ്രീമതി.ജ്യോതിലക്ഷ്മി എ.വി.യുടെ 09.06.2018 ലെ അപേക്ഷ

5. നഗരകാര്യഡയറക്ടറുടെ 09.07.2018 തിയതിയിലെ ഇ 7-2334/20(7) നമ്പർ കത്ത്.

---

## ഉത്തരവ്

കേരള പി.എസ്.സി.യുടെ നിയമന ശുപാർശ പ്രകാരം കളമശ്ശേരി നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ നഗരകാര്യഡയറക്ടറുടെ സൂചന രണ്ട് ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ശ്രീമതി.ജ്യോതിലക്ഷ്മി. എ.വി. നിലവിൽ വിദേശത്ത് (ആസ്ട്രേലിയയിൽ) കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നതിനാലും കുട്ടിയുടെ വിദ്യാഭ്യാസം തടസ്സപ്പെടുമെന്നതിനാലും മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ഒരു വർഷത്തേക്ക് സമയം നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം 4 പ്രകാരം സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു. പരാമർശം 3 ഉത്തരവ് പ്രകാരം നഗരകാര്യ ജോയിന്റ് ഡയറക്ടർ ടിയാളുടെ ജോയിനിംഗ് കാലയളവ് 17.05.2018 മുതൽ 45 ദിവസം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിദേശത്ത് കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നത് സംബന്ധിച്ച അനുബന്ധരേഖകളും ശ്രീമതി.ജ്യോതിലക്ഷ്മി എ.വി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആറുമാസത്തിലധികം പ്രവേശനകാലാവധി ദീർഘിപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ കളമശ്ശേരി നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ നിയമനം

ലഭിച്ച ശ്രീമതി.ജ്യോതിലക്ഷ്മി എ വി. എന്ന വ്യക്തിയ്ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലയളവ് സൂചന 1 സർക്കുലറിലെ ഖണ്ഡിക 11, 12 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമന ഉത്തരവ് തീയതി മുതൽ ആറുമാസത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

3. ഇപ്രകാരം എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ തസ്തികയിലെ ടിയാളുടെ സീനിയോരിറ്റി കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 27 (സി) യുടെ ഒന്നാം പ്രൊവിസോ പ്രകാരം സേവനത്തിൽ പ്രവേശിക്കുന്ന ദിവസം മുതൽ മാത്രം കണക്കാക്കേണ്ടതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)

**എ സ് മോഹൻദാ സ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി,കളമശ്ശേരിനഗരസഭ
ശ്രീമതി.ജ്യോതിലക്ഷ്മി.എ.വി., കണ്ണൂർ ഹൗസ്, കാക്കനാട്പി ഒ, പിൻ-682030

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ